(സി) ഇവിടെ ടി.വി.സെറ്റുകൾ പോലുള്ള വിനോദവിജ്ഞാനോപാധികൾ ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ;

(ഡി) തൊഴിലെടുക്കുന്ന കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യവും ഔപചാരിക വിദ്യാഭ്യാസവും നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ അനാഥശിശുകളുടെ പരിപാലനത്തിനും വ്യക്തിത്വ വികസനത്തിനുമായി ഓർഫനേജുകളും ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരമുള്ള ബാലമന്ദിരങ്ങളും സംസ്ഥാനത്ത് ഇപ്പോൾത്തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ശാരീരിക-മാനസിക വൈകല്യമുള്ളവരുമായ ശിശുക്കളുടെ പുനരധിവാസത്തിനായി സ്ഥാപനങ്ങൾ ആരംഭിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ശിശു ക്ഷേമസമിതിയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി)&(സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനാഥാലയങ്ങളുടെ നിയന്ത്രണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. നിശ്ചിത നിരക്കിലുള്ള ഗ്രാന്റ് അല്ലാതെ മറ്റ് അധിക സൗകര്യങ്ങൾ ഒന്നും സർക്കാർ ഇപ്പോൾ നൽകുന്നില്ല.

(ഡി) അപകടകരമല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് ദിനംപ്രതി രണ്ടു മണിക്കൂറിൽ കുറയാത്ത അനൗപചാരിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി ഒരു കർമ്മപദ്ധതി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം, കൊട്ടാരക്കര, എറണാകുളം, ഇടുക്കി എന്നീ സ്ഥലങ്ങളിലായി എട്ടു സെന്ററുകൾ ഈ പദ്ധതിയനുസരിച്ച് പ്രവർത്തിക്കുന്നു എന്നാൽ പല സെന്ററുകളിലും മതിയായ കുട്ടികളെ ലഭിക്കാത്തതിനാൽ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്നതാണ് വാസ്തവം.

12 (*432) പഞ്ചായത്തുകളിലെ വാർഡ് വിഭജനം

ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ അവസാനമായി വാർഡ് വിഭജന നടപടികൾ പൂർത്തിയാക്കിയത് ഏതു വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) വാർഡ് ഡിവിഷൻ പൂർത്തിയാക്കിയതനുസരിച്ച് അംഗീകരിച്ച വാർഡുകളിലെ കെട്ടിടങ്ങൾക്ക് പുതുതായി നമ്പരിട്ട് അതിൻ പ്രകാരമുള്ള ഗവൺമെന്റ് രജിസ്റ്ററുകൾ പഞ്ചായത്താഫീസുകളിൽ തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിന്റെ അടിസ്ഥാനത്തിലാണോ തുടർന്ന് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും മറ്റ് പൊതു തെരഞ്ഞെടുപ്പുകളിലേക്കും വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തുകളിൽ അവസാനമായി കിൻകിനിയൻ റിവിഷൻ നടന്നത് ഏത് വർഷമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) അഞ്ചു വർഷത്തിലൊരിക്കൽ റിവിഷൻ നടത്തണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ റിവിഷൻ താമസിച്ചിട്ടുള്ളതിന്റെ കാരണം അറിയിക്കുമോ;

(ജി) അതുമൂലം പഞ്ചായത്തുകൾക്ക് എന്തുതുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എച്ച്) അടുത്ത് നടക്കാനിരിക്കുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിനെങ്കിലും ഇപ്പോൾ നടക്കുന്ന വാർഡ് വിഭജനം അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് വീടുകൾക്ക് പുതുതായി നമ്പരിട്ട് അസസ്മെന്റ് രജിസ്റ്ററുകൾ തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) 1994-ൽ.

(ബി) ഉണ്ട്.

(സി) അതെ.

(ഡി) 1992-93 സാമ്പത്തിക വർഷം.

(ഇ) ഇല്ല.

(എഫ്) സംസ്ഥാന സർക്കാർ നിയോഗിച്ച പഞ്ചായത്ത് ധനകാര്യ കമ്മീഷൻ നിലവിലുള്ള കെട്ടിട നികുതി ചട്ടങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിന് ചില മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കെട്ടിട നികുതി പുനർനിർണ്ണയം ഓരോ നാലു വർഷത്തിലും നടത്തണമെന്നും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രധാന്യം, കെട്ടിടത്തിന്റെ ഘടന, ഏരിയാ എന്നിവ കണക്കിലെടുത്ത് കെട്ടിട നികുതി നിർണ്ണയം നടത്തണമെന്നുള്ള കമ്മീഷന്റെ നിർദ്ദേശം കാബിനറ്റ് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 26.2.98 ലെ 52973/എൽ2/97/തദ്വേ. നമ്പർ സർക്കുലർ പ്രകാരം 1.4.98 മുതൽ നടത്തേണ്ട പഞ്ചവാർഷിക കെട്ടിട നികുതി നിർണ്ണയം, ഇതു സംബന്ധിച്ച നിയമഭേദഗതി നിലവിൽ വരുന്നതുവരെ നീട്ടിവയ്ക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) നഷ്ടം കണക്കാക്കിയിട്ടില്ല.

(എച്ച്) നടപടികൾ സ്വീകരിച്ചുവരുന്നു.

13 (*433) തണൽ പദ്ധതി പ്രകാരം ഭവന നിർമ്മാണം

ശ്രീ. എം. മുരളി :
ശ്രീ. ഡൊമനിക്ക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly